ICDS- B3-8415/20

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :08.02.2022
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നം : 0471-2346534

## പരിപത്രം

വിഷയം: വനിത ശിശു വകുപ്പ് -ഐ. സി ഡി എസ് -അമൃതം ന്യൂട്രിമിക്സ് – അനലറ്റിക്കൽലാബുകളിൽ പരിശോധന നടത്തുന്നത് സംബ:

സൂചന: 1) കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ 13.01.2021 ലെ Lr.No.:CD-I-24/2/2021-US(e-90701) നമ്പർ കത്ത്
2) കേന്ദ്ര സർക്കാരിന്റെ 26.06.2021 ലെ ഗസറ്റ് വിജ്ഞാപനം..
3)ഈ കാര്യാലയത്തിലെ 16.10.2021 ലെ ഇതേ നമ്പർ കത്ത്
4)ചീഫ് ഗവൺമെന്റ് അനലിസ്റ്റിന്റെ 10.01.2022,25.01.2022എന്നീ തീയതികളിലെ ലെ ബി2/0087/ജി. എ.എൽ നമ്പർ കത്തുകൾ.
5). ഈ കാര്യാലയത്തിലെ 31.01.2022 ലെ ഇതേ നമ്പർ പരിപത്രം

അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയയ്ക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തിരുവനന്തപുരം ലബോറട്ടറിയിൽ എല്ലാ ജില്ലകളിലെയും സാമ്പിളുകൾ പരിശോധിക്കാൻ സാധിക്കുകയില്ല എന്ന് അറിയിച്ചതിനാൽ എറണാകുളം, കോഴിക്കോട് അനലറ്റിക്കൽ ലാബുകളിൽ കൂടി സാമ്പിൾ പരിശോധന നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഓരോ ജില്ലയും, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ബന്ധപ്പെട്ട ലബോറട്ടറികളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ്. ഓരോ ലാബിലും ഒരു മാസം 50 സാമ്പിളുകൾ പരിശോധിക്കാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.ആയതിനാൽ ഓരോ ജില്ലയിൽ നിന്നും പരിശോധനയ്ക്ക് അയയ്ക്കേണ്ട സാമ്പിളുകളുടെ എണ്ണം ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും നിശ്ചിത എണ്ണം സാമ്പിൾ മാത്രം പരിശോധനയ്ക്ക് അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതും, ഒരു ക്വാർട്ടറിൽ എല്ലാ യൂണിറ്റിൽ നിന്നും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട് എന്ന് അതത് പ്രോഗ്രാം ഓഫീസർമാർ ഉറപ്പാക്കേണ്ടതുമാണ്.

## Amrutham Nutrimix Lab Test- details

| Sl No | Name of LAB | Name of District | Number of Nutrimix Units | No of samples to be sent in a month | Bank Account Details |
|---|---|---|---|---|---|
| 1 | Govt Analyst Laboratory,Red Cross Road, Thiruvananthapuram pin:695035 Phone: 0471-2472192 e-mail: galtvpm@gmail.com | THIRUVANANTHAPURAM | 18 | 15 | STATE BANK OF INDIA,Puthenchanthai Account No: 67132355504 IFSC: SBIN0070026 |
| | | KOLLAM | 10 | 8 | |
| | | PATHANAMTHITTA | 8 | 7 | |
| | | ALAPUZHA | 14 | 12 | |
| | | KOTTAYAM | 10 | 8 | |
| Total | | | 60 | 50 | |
| 2 | Regional Analytical Laboratory Ernakulam ,Kakkanad, Kochi pin:30 Phone : 0484-2422218 e-mail: regionalanalyticallabernakulam@gmail.com | IDUKKI | 13 | 10 | STATE BANK OF INDIA,Thrikkakkara Civil Station Branch Account No: 67334160945 IFSC: SBIN0070339 |
| | | ERANAKULAM | 10 | 8 | |
| | | PALAKKAD | 19 | 15 | |
| | | THRISSUR | 20 | 16 | |
| Total | | | 62 | 50 | |
| 3 | Regional Analytical LaboratoryMalaparamba P.O, Kozhikode pin:673009 Phone : 0495-2371101 e-mail: govtanalystkozhikode@yahoo.com | MALAPPURAM | 42 | 18 | STATE BANK OF INDIA,Eranhipalam, Account No: 67334361289 IFSC: SBIN0070760 |
| | | WAYANAD | 10 | 4 | |
| | | KOZHIKODE | 26 | 11 | |
| | | KANNUR | 28 | 12 | |
| | | KASARGODE | 13 | 5 | |
| Total | | | 119 | 50 | |
| Grand Total | | | 241 | 150 | |

ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറികളിൽ സാമ്പിളുകൾ പരിശോധയ്ക്ക് അയയ്ക്കുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ന്യൂട്രിമിക്സ് സാമ്പിൾ ലഭിക്കുന്ന ഉടൻ പരിശോധനയ്ക്ക് അയയ്ക്കേണ്ടതാണ് .
- പരിശോധനയ്ക്ക് അയയ്ക്കുന്ന സാമ്പിളിനൊപ്പം ആമുഖ കത്ത് അയയ്ക്കേണ്ടതാണ് . ആമുഖ കത്തിൽ പ്രോജക്ടിന്റെ പേര്, മേൽവിലാസം, ഫോൺ നമ്പർ, e-mail എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.
- സാമ്പിളുകൾ യൂണിറ്റുകളിൽ നിന്നും സൂപ്പർവൈസർമാർ ശേഖരിച്ച് ICDS പ്രോജക്ട് ഓഫീസുകൾ മുഖേന മാത്രം പരിശോധനയ്ക്ക് അയയ്ക്കുന്നതിന് എല്ലാ CDPO മാരും ശ്രദ്ധിക്കേണ്ടതാണ്.

- സാമ്പിൾ പരിശോധന തുകയായ 2124/- [1800+GST 18%]രൂപ ബന്ധപ്പെട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ബ്രാഞ്ചിൽ അതത് അക്കൗണ്ടുകളിൽ അടയ്ക്കേണ്ടതും, റസീപ്റ്റിന്റെ പകർപ്പ് ബന്ധപ്പെട്ട അനലറ്റിക്കൽ ലബോറട്ടറികളുടെ ഇ-മെയിലൽ നൽകേണ്ടതും, hard copy ആമുഖ കത്തിനൊപ്പം അയയ്ക്കേണ്ടതുമാണ്.തുക ഡിമാന്റ് ഡ്രാഫ്റ്റ് ആയി ഒടുക്കാൻ പാടില്ല.
- ന്യൂട്രിമിക്സ് സാമ്പിൾ അയക്കുമ്പോൾ റസീപ്റ്റിന്റെ പകർപ്പ്, ആമുഖ കത്ത് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കാതെ സുരക്ഷിതമായി പായ്ക്ക് ചെയത് അയയ്ക്കേണ്ടതാണ്.
- ന്യൂട്രിമിക്സ് സാമ്പിളുകൾ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരുംഎല്ലാ യൂണിറ്റുകളിൽ നിന്നും കൃത്യമായി പരിശോധനയക്ക് അയയ്ക്കുന്നുണ്ടെന്ന് എല്ലാ പ്രോഗ്രാം ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്
- സാമ്പിൾ പരിശോധനയ്ക്ക് അയയ്ക്കുന്ന യൂണിറ്റിന്റെ പേര് അയയ്ക്കുന്ന തീയതി, ഒടുക്കുന്ന തുക, സാമ്പിൾ റിപ്പോർട്ട്, റിപ്പോർട്ട് ലഭ്യമായ തീയതി എന്നിവ രേഖപ്പെടുത്തുന്ന പ്രത്യേക രജിസ്റ്റർ എല്ലാ ICDS പ്രോജക്ടുകളിലും സൂക്ഷിക്കേണ്ടതും, മേലധികാരിക്ക് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

വനിത ശിശുവികസന ഡയറക്ടർക്ക വേണ്ടി

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും( ഈ കാര്യം DMC, കുടുംബശ്രീയെ അറിയിക്കേണ്ടതാണ്)

എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

എല്ലാ സൂപ്പർവൈസർമാർക്കും

പകർപ്പ് :

1. അനലിസ്റ്റ് ലബോറട്ടറി, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്.
2. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
3. സ്റ്റോക്ക് ഫയൽ
4. സ്പെയർ